പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 7264 16.07.2012 - ൽ മറുപടിക്ക്**

**മാവേലി സ്റ്റോറുകൾവഴി നോൺ മാവേലി സാധനങ്ങൾ**

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ. ബാബു എം. പാലിശ്ശേരി** | **ശ്രീ. അനൂപ് ജേക്കബ്**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി)** |
| **എ)** സംസ്ഥാനത്തെ മാവേലി സ്റ്റോറുകളിൽ വിൽക്കുന്ന നോൺ മാവേലി സാധനങ്ങൾ സ്വകാര്യ വിപണിയേക്കാൾ വിലകൂടിയതും ഗുണനിലവാരം കുറഞ്ഞതും ആണെന്ന മാധ്യമവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ)യും (ബി)യും<br>സപ്ലൈകോയുടെ സംസ്ഥാനത്തെ 56 ഡിപ്പോകളിൻ കീഴിലുള്ള 1293 വിൽപ്പനശാലകളിൽകൂടി ഗുണമേൻമയുള്ള ആയിരക്കണക്കിന് ഇനം നോൺ മാവേലി ഉൽപ്പന്നങ്ങൾ പരമാവധി വിൽപ്പന വിലയിൽ നിന്നും 15% വരെ വിലക്കുറവിലാണ് വിൽക്കുന്നത് |
| **ബി)** ഉണ്ടെങ്കിൽ ഇക്കാര്യം പരിശോധിച്ച് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | |
| **സി)** മാവേലി സ്റ്റോറുകൾ വഴി വിൽക്കുന്നതിനുള്ള നോൺ മാവേലി സാധനങ്ങൾ പർച്ചേസ് ചെയ്യുവാൻ ആർക്കാണ് അധികാരം നൽകിയിട്ടുള്ളത്; | **സി)യും ഡി) യും**<br>ഹെഡ്ഡ് ഓഫീസ് തലത്തിൽ നോൺ മാവേലി ഉൽപ്പന്നങ്ങൾ മുഖ്യമായും കമ്പനികളിൽ നിന്നും നേരിട്ടാണ് വാങ്ങുന്നത്. ഡിപ്പോ തലത്തിൽ ഡിപ്പോകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കച്ചവടക്കാരിൽ നിന്നും വിൽപ്പനശാല കളുടെ ആവശ്യാനുസരണമുള്ള സാധനങ്ങൾ വില താരതമ്യം ചെയ്തും ഗുണനിലവാരം പരിഗണി ച്ചും ആണ് വാങ്ങുന്നത്. |
| **ഡി)** സാധനങ്ങൾ വാങ്ങുന്നതിലെ സുതാര്യത ഉറപ്പുവരുത്തുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്? | |

സെക്ഷൻ ഓഫീസർ.